# PROCEEDINGS OF THE THIRD INTERNATIONAL SEMINAR OF SVASH - 2016

**Research Papers and Articles of 3rd International Seminar of Swami Vivekananda Association of Science and Humanities**

**VOLUME-I**

# LANGUAGES

**ISBN 978-81-928007-45**

Swami Vivekananda Association of Science And Humanities (SVASH)
Karamana.P.O,Trivandrum-695002, Kerala, South India
Ph:08129297229,09447147418
*Website:www.svashindia.org*

CONTENT

## MALAYALAM


| | | PAGE NO |
|---|---|---|
| 1 | മലയാള അച്ചടിമാധ്യമ വളർച്ചയും ചാവറയച്ചനും<br>*Sr. Beena.D.L* | 1-4 |
| 2 | വതറിങ് ഹൈറ്റ്സ്- ഒരു പുനർവായന<br>*Bincy Dominic* | 5-8 |
| 3 | പണ്ഡിറ്റ് കെ.പി.കറുപ്പനും കേരളീയനവോത്ഥാനവും<br>*Subash.V.R* | 9-12 |
| 4 | കേരളത്തിലെ ധന്വന്തരി ക്ഷേത്രങ്ങൾ<br>*Biji.K.B* | 13-20 |
| 5 | സോൾട്ട്ആന്റ് പെപ്പറും മലയാളിയുടെ ജനപ്രിയകാഴ്ചയും<br>*Devi.N* | 21-23 |
| 6 | സ്ത്രീപ്രതിനിധാനങ്ങളിലെ പ്രാദേശിക പ്രതിരോധങ്ങൾ<br>(ബിന്ദുകൃഷ്ണൻറെ കവിതകളെ ആസ്പദമാക്കിയുള്ള പഠനം)<br>Vidya..M.V | 24-25 |
| 7 | ചലച്ചിത്രത്തിലെ സ്ത്രീകഥാപാത്രങ്ങളുടെ ചുവടുമാറ്റം<br>(പി. പത്മരാജൻറെ സ്ത്രീകഥാപാത്രങ്ങളെ ആധാരമാക്കിയുള്ള പഠനം)<br>Brijit K Jacob | 26-27 |
| 8 | സെബാസ്റ്റ്യൻ കവിതകളിലെ പുത്തൻ പ്രവണതകൾ<br>*Jophy Raphy* | 28-30 |
| 9 | കുംഭാര സമുദായത്തിന്റെ ജീവിതക്രമങ്ങൾ<br>*Shinta Anto* | 31-32 |
| 10 | സ്ത്രീയും പരിസ്ഥിതിയും സുഗതകുമാരിയുടെ കവിതകളിൽ.<br>*Dr.Ganga Devi.M* | 33-36 |
| 11 | ആഖ്യാനത്തിലെ കാലവും മനുഷ്യനൊരാമുഖവും<br>*Vijitha.P* | 37-39 |
| 12 | തിരുക്കുറളിന്റെ അകപ്പൊരുൾ<br>*Sowmya.P.R* | 40-52 |
| 13 | മണിപ്രവാള കവിതാ സങ്കേതങ്ങൾ സ്വാതി തിരുനാൾ പദങ്ങളിൽ<br>*Dr. S. Sreedevi* | 53-54 |
| 14 | ***ഐവർകളിയും കണ്യാർകളിയും ഒരു താരതമ്യാത്മക വിശകലനം***<br>*Dr. R. Vijayalatha* | 55-57 |
| 15 | നവോത്ഥാനസങ്കല്പം - ചാവറയച്ചന്റെ ജീവിതത്തിലും കൃതികളിലും<br>*Sr.Sindhu Sebastian* | 58-61 |
| 16 | പാരിസ്ഥിതികസ്ത്രീവാദദർശനവും,സ്ത്രീസ്വത്വപ്രതിസന്ധിയും-സാറാജോസഫിന്റെകഥകളിൽ<br>*Miss. Philomina K.J* | 62-65 |
| 17 | പ്രകൃതിജീവനം- വിശ്വചേതന പരിരക്ഷിക്കുന്ന തത്ത്വശാസ്ത്രം<br>*Dr. P. Valsala Devi Pillai* | 66-71 |
| 18 | പ്രണയവും പ്രകൃതിയും കാൽപനിക കവിതയിൽ<br>*Deepa.M.V* | 72-79 |
| 19 | കേരളീയ നവോത്ഥാനവും സ്ത്രീ മുന്നേറ്റവും<br>*Dr.Jancy.K.A* | 80-84 |
| 20 | പ്രാദേശികവത്കരണം ഭാഷ, തൊഴിൽ, സംസ്കാരം<br>*Arun.T.V* | 85-86 |
| 21 | നവോത്ഥാനവും ആർഷപാരമ്പര്യവും ഇന്ത്യൻ സമൂഹത്തിൽ<br>*Thushara.K.T* | 87-88 |
| 22 | കേരളനവോത്ഥാനചരിത്രത്തിൽ പണ്ഡിറ്റ് കറുപ്പന്റെ സ്ഥാനം<br>*Subash.V.R* | 89-93 |

# പാരിസ്ഥിതിക സ്ത്രീവാദ ദർശനവും, സ്ത്രീസ്വത്വപ്രതിസന്ധിയും. സാറാജോസഫിന്റ കഥകളിൽ.



**Miss.Philomina K.J** Assistant professor

Dept.of Malayalam, Pazhassiraja college,Pulpally.

ശാഖകളും, ഉപശാഖകളുമായി വളർന്നുകൊണ്ടിരിക്കുന്ന ഒരു ബൃഹദ്ദാർശനികമേഖലയാണ് ഇന്ന് പരിസ്ഥിതി ദർശനം.1970 കളോടെയാണ് ഇത് വളർന്നു വികാസം പ്രാപിച്ചത് മനുഷ്യന്റെ ഉപഭോഗ... ആഗോളഉപഭോഗസംസ്കൃതിയുടെ പ്രലോഭനങ്ങൾക്കടിമപ്പെട്ട മനുഷ്യന്റെ ഉപഭോഗ... വർദ്ധിക്കുന്നതിനനുസരിച്ച് പരിസ്ഥിതി നാശത്തിന്റെ അളവും കുടിക്കൂടിവരുന്നു. അതിവിദൂരമല്ലാത്ത ഭാവിയിൽ ഇതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവരുമെന്ന മുന്നറിയിപ്പ് നൽകിയത് 1962-ൽ റേച്ചൽകാഴ്സന്റെ 'നിശബ്ദവസന്തം' എന്ന ഗ്രന്ഥമാണ്. തുടർന്ന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പാരിസ്ഥിതിക പ്രതിസന്ധിയെക്കുറിച്ചുള്ള ചർച്ചകൾ നടന്നു.

ഭാരതത്തിൽ നടന്ന സൈലന്റ്റുവാലി സംരക്ഷണ സമരവും, ചിപ്കോ പ്രസ്ഥാനവുമാണ് പ്രത്യക്ഷമായ പാരിസ്ഥിതിക ചർച്ചകൾക്ക് തുടക്കമിട്ടത്. ജീവന്റെയും ജീവിതത്തിന്റെയും സമസ്തമേഖലകളും ഇന്ന് പരിസ്ഥിതി ചിന്തക്ക് വിഷയമാണ്. സൂര്യനുതാഴെയുള്ളതെന്തും ഇന്ന് പരിസ്ഥിതിയുമായി ബന്ധപ്പെടുത്തിയല്ലാതെ ചിന്തിക്കാൻ കഴിയില്ല. അതിനാൽത്തന്നെ പരിസ്ഥിതി ദർശനം എല്ലാ ദർശനങ്ങളുടെയും ദർശനമാണ്.

ആധുനികപാരിസ്ഥിതികപ്രതിസന്ധി നമ്മുടെ ജീവിതത്തെയും, സംസ്കാരത്തെയും ആത്മീയതയെയും എല്ലാം വിഷമയമാക്കിയതിന്റെ പശ്ചാത്തലത്തിലാണ് സാഹിത്യത്തിലും നവീനമായൊരു ഭാവുകത്വപരിണാമം സംഭവിച്ചത്. പരിസ്ഥിതിയും പ്രകൃതിയും ഒരുകാലത്ത് സാഹിത്യകാരൻമാർക്ക് കാല്പനികതയുടെ വിരുന്നൊരുക്കിയിരിക്കുന്നു. എന്നാൽ പുതിയ പാരിസ്ഥിതികസാഹിത്യം കാൽപകനികതയിൽ നിന്നും, സോഷ്യൽ റിയലിസത്തിൽ നിന്നും ആധു നികതയിൽ നിന്നും മുന്നോട്ടുള്ള വീക്ഷണത്തെ പ്രധാനം ചെയ്യുന്നവയാണ്. നാശോന്മുഖമായിക്കൊ ണ്ടിരിക്കുന്ന നമ്മുടെ ലോകത്തെയും ജീവിതത്തെയും, വീണ്ടെടുക്കാനുള്ള പ്രചോദനമാണ് ഇവ മുന്നോട്ടുവയ്ക്കുന്നത്. അമ്മയായ പ്രകൃതിയെ തിന്നുകൊണ്ടാണ് വ്യവസായ സംസ്കാരം വളർന്നു വന്നത്. പ്രകൃതിയും സംസ്കാരവും ജീവിതവും തമ്മിൽ ബന്ധമില്ലെന്ന നിലവന്നു. മനുഷ്യൻ പ്രകൃതി യുടെ ഭാഗമാണെന്ന് അവൻ മറന്നു. ദുരമൂത്ത മനുഷ്യനെ പ്രകൃതിയിലേക്ക്, അമ്മയിലേക്ക് മടക്കി ക്കൊണ്ടുവരുക അതാണ് പാരിസ്ഥിതികകലയുടെ പ്രാധാന ഉദ്ദേശ്യം.

ഗഹനപരിസ്ഥിതിവാദം,സാമൂഹികപരിസ്ഥിതിവാദം,പാരിസ്ഥിതികമാർക്സിസം, പാരിസ്ഥിതിക സ്ത്രീവാദം എന്നി നാലുശാഖകളായാണ് പാരിസ്ഥിതിക ദർശനം വളർന്നു വരുന്നത്. മറ്റുശാഖക ളെക്കാൾ പാരിസ്ഥിതികസ്ത്രീവാദം ഏറെ വളർന്നു നിൽക്കുന്നു. ഇതിന് ആദ്യമായി ദാർശനിക വ്യാഖാനം നൽകിയത് ഫ്രഞ്ച് ഫെമിനിസ്റ്റായ 'ഫ്രാൻസ്വാ ദയൂബോൺ ' ആണ്. ഇവരുടെ 'ഫെമി നിസം അല്ലെങ്കിൽ മരണം' എന്ന കൃതിയിലെ 'ഇക്കോ-ഫെമിനിസത്തിന്റെ കാലം' എന്ന അധ്യായത്തി ലാണ് പാരിസ്ഥിതികസ്ത്രീവാദം എന്നൊരു ദർശനത്തിന് തുടക്കമിടുന്നത്. പുരുഷാധിപത്യ വ്യവസ്ഥി തിയാണ് ഭൂമിയുടെ നാശത്തിന് കാരണമെന്ന് അവർ സിദ്ധാന്തിക്കുന്നു. അയ്യായിരം വർഷങ്ങൾക്ക് മുമ്പ് സ്ത്രീയുടെ നിയന്ത്രണത്തിൽ നിന്ന് കൃഷി പുരുഷന്റെ നിയന്ത്രണത്തിലായി ,മണ്ണിലും, പെ ണ്ണിലും വിതയ്ക്കാനുള്ള അധികാരം അവൻ കവർന്നെടുത്തു. പുരുഷനുവേണ്ടി പുരുഷനാൽ സൃഷ്ടിക്കപ്പെട്ട പുതിയ സമൂഹത്തിന്റെ ഭൗമനിയമങ്ങൾ മത്സരവും, അക്രമവും സ്ത്രീക്കുമേൽ പുരു ഷനുള്ള ആധിപത്യവുമാണ്. ഭൗമാതാവിനെ ആക്രമിച്ച് കീഴടക്കിയ മേധാവിത്വശക്തിക്ക് നാം കൊടു ക്കുന്ന വിലയാണ് ഇന്നത്തെ പാരിസ്ഥിതിക പ്രതിസന്ധി. മുതലാളിത്തവും, സോഷ്യലിസവും ഇതിന് കാരണക്കാരാണ്.

# SVASH
# 2016

Govt Reg. No: TVM/TC/493/2013

**Proceedings of the Third International Seminar of Swami Vivekananda Association of Science & Humanities 2016**

VOLUME - I- LANGUAGES




NUMBER AND LETTERS ARE LIKE BOTH EYES
SVASH

ISBN 978-81-928007-45

***

**Research papers & Articles of the 3rd International Seminar of SVASH**

***

Editor - Dr. O. Sandhya Vijayan